(ബി) മത്സ്യം കേടുകൂടാതെ സംരക്ഷിക്കുന്നതിന് ഇപ്പോൾ എത്ര ഫ്രീസിംഗ് പ്ളാന്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഫ്രീസിംഗ് പ്ളാന്റുകളുടെ സേവനം എല്ലാ മത്സ്യത്തൊഴിലാളികൾക്കും സഹായകരമായ രീതിയിൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന മത്സ്യ വിപണനത്തിനും കയറ്റുമതിക്കും സഹായകരമായ രീതിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ താഴെ ചേർക്കുന്നു:

1. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ തീരദേശ ലേലം നടത്തിവരുന്നു. ഇത് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നു.
2. മത്സ്യഫെഡിന്റെ കൊച്ചിയിൽ പ്രവർത്തിക്കുന്ന ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് മത്സ്യഫെഡിൽ അഫിലിയേറ്റു ചെയ്ത മത്സ്യ സഹകരണ സംഘങ്ങൾ വഴി തൊഴിലാളികളിൽനിന്ന് കയറ്റുമതി സാധ്യതയുള്ള മത്സ്യങ്ങൾ മൊത്തമായി വാങ്ങി ന്യായവില ഉറപ്പാക്കുന്നു.
3. മത്സ്യത്തൊഴിലാളികളിൽ നിന്നും വാങ്ങുന്ന മത്സ്യം പ്രാഥമിക മത്സ്യ സംസ്ക്കരണ സംഘങ്ങൾ അവരുടെ നിയന്ത്രണത്തിലുള്ള ഫിഷ് സ്റ്റാളുകൾ വഴി വിറ്റ് ന്യായവില ഉറപ്പാക്കുന്നു.

(ബി) കൊച്ചിയിൽ ഒരു ഐസ് ആന്റ് ഫ്രീസിംഗ് പ്ളാന്റ് നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) മത്സ്യഫെഡിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ തീരദേശ ലേലം വഴി മത്സ്യം വിൽക്കുന്നു. കയറ്റുമതി സാധ്യതയുള്ള മത്സ്യങ്ങൾ മത്സ്യഫെഡിന്റെ ഐസ് ആന്റ് ഫ്രീസിംഗ് പ്ളാന്റ് മത്സ്യ സഹകരണ സംഘങ്ങൾ മുഖേന വാങ്ങി കയറ്റുമതി ചെയ്യുന്നു. കൂടാതെ മത്സ്യ സഹകരണ സംഘങ്ങൾ ഫിഷ് സ്റ്റാളുകൾ വഴി നേരിട്ട് വിൽപ്പനയും നടത്തിവരുന്നു.

വനനാശം

*20 [432] ശ്രീ. തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻതോതിലുള്ള വനനാശം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് ഫലപ്രദമായി തടയുവാൻ വനപാലകർക്ക് ആധുനിക ആയുധങ്ങൾ, പരിശീലനം ഇവ നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വനം മാഫിയക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ വനപാലകർക്ക് അധികാരം നൽകുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പാരിതോഷികങ്ങളും അവാർഡുകളും നൽകുവാൻ നടപടി സ്വികരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് വൻതോതിലുള്ള വനനാശം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ അനധികൃത മരം മുറി, കഞ്ചാവ് കൃഷി മുതലായ വനനശീകരണ പ്രവൃത്തികൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു ഫലപ്രദമായി തടയുവാൻ വനപാലകർക്ക് ആധുനിക ആയുധങ്ങൾ, പരിശീലനം ഇവ നൽകാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) വനപാലകർക്ക് കൂടുതൽ അധികാരം നൽകുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പാരിതോഷികങ്ങളും, അവാർഡുകളും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

രാഷ്ട്രീയ സംവികാസ് യോജന

*21 [433] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
,, ടി. കെ. ബാലൻ :
,, കെ. വി. കുഞ്ഞിരാമൻ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ സംവികാസ് യോജന (ആർ. എസ്. വി. വൈ.) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കാർഷിക ഉത്പാദനക്ഷമതയിലുള്ള കുറവ്, തൊഴിലില്ലായ്മ എന്നിവ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് നികത്തുന്നതിനും പ്രസ്തുത പദ്ധതി എത്രകണ്ടു വിജയിച്ചിട്ടുണ്ടെന്നു പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly